LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ ഗ്രേഡ്-2 അറ്റൻഡർമാരുടെ ഒഴിവുകൾ

134 [2570] *ശ്രീ. ഇസ്ഹാക് കുരിക്കൾ:*

,, *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ ഗ്രേഡ്-2 അറ്റൻഡർമാരുടെ ഒഴിവുകളുണ്ടോ;

(ബി) എങ്കിൽ എത്രയെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഇ) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഒഴിവുകളുണ്ട്.

(ബി) 156 ഒഴിവുകൾ നിലവിലുണ്ട്. സ്ഥാപനം തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) & (ഡി) പാർട്ട് ടൈം ഉദ്യോഗക്കയറ്റം നൽകിയാണ് രണ്ടാം ഗ്രേഡ് അറ്റൻഡർമാരെ നിയമിക്കുന്നത്. ഇപ്രകാരം ഉദ്യോഗക്കയറ്റം നൽകാനാവശ്യമായ പാർട്ട് ടൈം സ്വീപ്പർമാരുടെ 62 തസ്തികകൾ 27-6-2005-ലെ ജില്ലാ മെഡിക്കൽ ആഫീസറുടെ ഉത്തരവ് പ്രകാരമാണ് നികത്തിയത്. ഇവരിൽ നിന്നും അർഹരായവർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതാണ്. സർക്കാരിന്റെ 31-5-2005-ലെ 56778/എഫ്2/05-1ം നമ്പർ കത്ത് പ്രകാരം നിലവിലുള്ള രണ്ടാം ഗ്രേഡ് അറ്റൻഡർമാരുടെ ഒഴിവുകളുടെ 50% നേരിട്ട് നികത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) കഴിയുന്നതും വേഗം നികത്തുന്നതാണ്.

പാലക്കാട് ജില്ലയിൽ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ

135 [2571] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഫാർമസിസ്റ്റ് തസ്തികയുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേരെ നിയമിച്ചു;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ ഫാർമസിസ്റ്റുകളുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ബാക്കി ഒഴിവുകളിലേക്ക് അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ നിലവിലുണ്ട്. ഹോമിയോ-ഭാരതീയ ചികിത്സാ വകുപ്പുകളിൽ റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ബി) ആരോഗ്യവകുപ്പിൽ 11 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പിൽ ഒഴിവുകളില്ല. ഹോമിയോപ്പതി വകുപ്പിൽ 11-ഉം ആയുർവേദ വകുപ്പിൽ 32-ഉം ഒഴിവുകളുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ആരോഗ്യമേഖലയിൽ ഒഴിവുള്ള തസ്തികകളിൽ നടത്തുന്ന നിയമനം

136 [2572] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ ഒഴിവുള്ള തസ്തികകളിൽ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ നിയമനം നൽകാതെ കരാർ ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലുമാണ് ഇത്തരത്തിൽ നിയമനം നടത്തിയിട്ടുള്ളത്;

(സി) ഓരോ തസ്തികയിലും എത്ര വീതം ആളുകളെ കരാർ ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമിച്ചു എന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യമേഖലയിൽ ഒഴിവുള്ള തസ്തികകളിൽ യഥാസമയം പി. എസ്. സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, ആവശ്യമായ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽ കരാർ നിയമനം നടത്തുന്നുണ്ട്.

(ബി) & (സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly